MR. K. A. GANGADHARA MENON (*Nedumangad I—General*) : ഫാർമലായിട്ട വളരെപ്പേർ ചേന്ന് ഒരു റിപ്രസന്റേഷൻ ഇട്ടേഹത്തിന്റെ നിയമനം ആവശ്യപ്പെട്ടുകൊണ്ട നടത്തിയിട്ടില്ലേ ?

HON'BLE MR. V. O. MARKOS : ഉണ്ട്, ഈ ജോലിയിൽ വേണ്ട പരിചയമുള്ളയാളാണ് അദ്ദേഹമെന്ന ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

MR. K. SARANGADHARAN : ഇദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ ഈ ഡെപ്യൂട്ടേഷൻ വന്നതെന്ന ഗവണ്മെൻറിനറിയാമോ ?

HON'BLE MR. V. O. MARKOS : അതു ഗവണ്മെൻറിന മനസ്സിലായിട്ടില്ല.

MR. PANDAVATHU SANKARA PILLAI : അദ്ദേഹം എത്രാമത്തെ വയസ്സിൽ സർവ്വീസിൽനിന്ന പിരിയുമെന്ന പറയാമോ ?

HON'BLE MR. V. O. MARKOS : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. S. MUHAMMED : 55 വയസ്സ് തികഞ്ഞ ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻമൂലം വീണ്ടും നിയമിക്കുന്ന ഒരു നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : അങ്ങനെ പൊതുവായ ഒരുനയമില്ല.

MISS ACCAMMA CHERIYAN (*Changanachery I—General*) : ഈ ഉദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഇപ്പോൾ ഒരു പരാതി കിട്ടിയിട്ടുണ്ട്.

കുട്ടനാട്ടിൽ ഒരു മൃഗാശുപത്രി.

*122. MR. K. SARANGADHARAN : താഴെപറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

കുട്ടനാട്ടിൽ ഒരു മൃഗാശുപത്രി ഇല്ലാത്തതുകൊണ്ടു മൃഗങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ കർഷകർ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന ബോദ്ധ്യമായിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : The matter is under consideration.

പ്രമാണങ്ങളുടെ രജിസ്ട്രേഷൻ.

*123. MR. P. NANOO (*Chirayinkil II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട രജിസ്ട്രേഷൻവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly